**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1497** **30-08-2022 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . സണ്ണി ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമിയുടെ തരംമാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പുകൽപ്പിക്കുന്നതിനായി റവന്യൂ വകുപ്പിൽ എത്ര ജീവനക്കാരെയാണ് പുതിയതായി നിയമിച്ചത്; എന്നുമുതലാണ് അവരെ നിയമിച്ചത്; എത്ര കാലയളവിലേക്കാണ് നിയമനം നൽകിയത്; അവരുടെ ശമ്പള ഇനത്തിൽ സംസ്ഥാന ഖജനാവിന് പ്രതിമാസം ഉണ്ടാകുന്ന ബാധ്യത എത്രയാണ്; വ്യക്തമാക്കുമോ; | (എ) | 22.02.2022-ലെ സ.ഉ(കൈ) നം.56/2022/ആർഡി പ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളിൻമേലുള്ള നടപടികൾ അതിവേഗം പൂർത്തികരിക്കുന്നതിനായി നിയമിച്ച, 917 താല്ക്കാലിക ജീവനക്കാർ നിലവിലുള്ളതാണ്. റവന്യൂ വകുപ്പിന്റെ വിവിധ ഓഫീസുകളിലായി, 2022 ഏപ്രിൽ മാസം മുതലാണ് ടി ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. 179 ദിവസ കാലയളവിലേക്കാണ് , ടി നിയമനം നടത്തിയിട്ടുള്ളത്. ടി ജീവനക്കാരുടെ ശമ്പള ഇനത്തിൽ പ്രതിമാസം 2.92 കോടിയോളം രൂപ, സർക്കാരിന് ബാദ്ധ്യതയുണ്ട്. |
| (ബി) | പ്രസ്തുത ജോലികളുടെ പൂർത്തീകരണത്തിനായി റവന്യൂ വകുപ്പിന്റെ ഓഫീസുകളിലേക്ക് കമ്പ്യൂട്ടറുകളും അനുബന്ധസാമഗ്രികളും വാങ്ങി നൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ വാങ്ങി നൽകിയിട്ടുണ്ടെന്നും പ്രസ്തുത ഇനത്തിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ; | (ബി) | 22.02.2022-ലെ സ.ഉ (കൈ) നം. 56/2022/ ആർഡി പ്രകാരം, ഭൂമി തരംമാറ്റ അപേക്ഷകളിൻമേലുള്ള നടപടികൾ അതിവേഗം പൂർത്തീകരിക്കുന്നതിനായി, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 5,99,93,000/- രൂപ അനുവദിച്ച് ഉത്തരവായിരുന്നു. അനുവദിക്കപ്പെട്ട തുക ഉപയോഗിച്ച് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. തൽക്കാലം വാടകയ്ക്കോ ലീസിനോ പകരം ക്രമീകരണങ്ങൾ ഏർപ്പെടുത്തിയോ കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (സി) | ഭൂമിയുടെ തരംമാറ്റത്തിനുള്ള അപേക്ഷകളിൽ ഏത് കാലയളവ് വരെയുള്ളത് പൂർണ്ണമായും തീർപ്പുകൽപ്പിക്കാൻ നാളിതുവരെ സാധിച്ചിട്ടുണ്ട്; തീർപ്പാക്കാനുള്ള അപേക്ഷകൾ എന്നത്തേക്ക് പൂർണ്ണമായും തീർപ്പുകൽപ്പിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ഭൂമിയുടെ തരംമാറ്റത്തിനായി ലഭിച്ച അപേക്ഷകളിൽ, തീർപ്പാക്കാനായി ശേഷിക്കുന്ന ഓഫ് ലൈൻ അപേക്ഷകൾ, 2022 നവംബർ 1 - ന് മുമ്പ് തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. ഇത്തരത്തിൽ ഓഫ് ലൈൻ അപേക്ഷകൾ തീർപ്പാക്കാൻ ബന്ധപ്പെട്ട കാര്യാലയങ്ങൾ |

| | | | |
|---|---|---|---|
| | | | മുൻഗണനന നൽകിയിട്ടുണ്ട്. ഭൂമി തരം മാറ്റം സംബന്ധിച്ച് മുൻഗണനയ്ക്ക് അർഹമായ വിഭാഗങ്ങളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കുവാനുള്ള നിർദേശവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. കൂടാതെ 10.01.2022 മുതൽ, പൂർണ്ണമായും ഓൺ ലൈൻ സംവിധാനത്തിൽ ലഭിച്ചിട്ടുള്ള അപേക്ഷകളും, സമയബന്ധിതമായി തീർപ്പ് കല്പിക്കുവാനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉത്തരവാകുന്നത് - സംബന്ധിച്ച്

---

**റവന്യൂ (പി) വകുപ്പ്**

സ.ഉ.(കൈ) നം.56/2022/RD തീയതി,തിരുവനന്തപുരം, 22-02-2022

---

| | |
|---|---|
| പരാമർശം:- | ഭൂമി തരം മാറ്റം അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ |

**<u>ഉത്തരവ്</u>**

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം സംസ്ഥാനത്ത്, നിലവിൽ 27 റവന്യൂ ഡിവിഷണൽ ഓഫീസുകളിലായി 1,12,539 അപേക്ഷകൾ തീർപ്പാക്കാനായി ശേഷിക്കുന്നുണ്ട്. 25 സെന്റ് വരെ വിസ്തൃതിയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരം മാറ്റം, സൗജന്യ നിരക്കിൽ അനുവദിച്ചുകൊണ്ട്, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയുടെ അടിസ്ഥാനത്തിലും, സംസ്ഥാനത്ത് ഭൂമിയുടെ കരം അടവ് പൂർണ്ണമായും ഓൺലൈൻ ആക്കി മാറ്റിയതിനാൽ കരം രസീതിയിലൂടെ ഭൂമിയുടെ തരം മനസ്സിലാക്കുവാൻ കഴിഞ്ഞതിനാലും, തരം മാറ്റത്തിനുള്ള അപേക്ഷകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ളതാണ്.

മേൽ സാഹചര്യത്തിൽ, ഭൂമി തരം മാറ്റ അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി കൈക്കൊള്ളേണ്ടുന്ന തീരുമാനം സംബന്ധിച്ച്, പരാമർശ പ്രകാരമുള്ള പ്രൊപ്പോസൽ ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം, തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർദ്ധിച്ച സാഹചര്യത്തിൽ, പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായി ചുവടെ ചേർത്തിരിക്കുന്ന നിർദ്ദേശങ്ങൾ, മന്ത്രിസഭായോഗ തീരുമാനത്തിന്റെ സാധൂകരണത്തിന് വിധേയമായി ഉത്തരവാകുന്നു.

1) ജൂനിയർ സൂപ്രണ്ടുമാരെ സെലക്ട് ലിസ്റ്റിൽ നിന്നും താത്ക്കാലികമായി ഉദ്യോഗക്കയറ്റം നൽകിയും, ക്ലാർക്ക്/ഡാറ്റാ എൻട്രി ഓപ്പറേറ്റർ, എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച

കൊണ്ടും, 990 താത്ക്കാലിക തസ്തികകൾ 6 മാസത്തേക്ക് ചുവടെ ചേർത്ത പ്രകാരം സൃഷ്ടിച്ച് ഉത്തരവാകുന്നു.

a) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 4 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

b) 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 1 ജൂനിയർ സൂപ്രണ്ട്, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

c) 1000 - 2000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാൻ അവശേഷിക്കുന്ന 5 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, 2 ക്ലാർക്ക്, 1 ഡേറ്റാ എൻട്രി ഓപ്പറേറ്റർ.

d) 5000 - ൽ അധികം അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും , 2000 - 5000 ഇടയ്ക്ക് അപേക്ഷകൾ തീർപ്പാക്കാനുള്ള 9 റവന്യൂ ഡിവിഷണൽ ഓഫീസുകളുടെയും, പരിധിയിൽ വരുന്ന 51 താലൂക്കുകളിൽ, 1 ക്ലാർക്ക്, 3 സർവ്വേയർ.

e) അപേക്ഷകളുടെ എണ്ണം 100-ന് മുകളിൽ വരുന്ന വില്ലേജുകളിൽ, ഭൂമിയുടെ തരം മാറ്റൽ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി, ഒരു ക്ലാർക്ക്.

2) 1000-ൽ താഴെ അപേക്ഷകൾ നിലനിൽക്കുന്ന 4 റവന്യൂ ഡിവിഷണൽ ഓഫീസുകളിൽ, നിലവിലുള്ള സ്റ്റാഫിന് പുറമേ, വകുപ്പിനുള്ളിൽ നിന്നു തന്നെ അധിക ജീവനക്കാരെ നിയമിച്ച് അപേക്ഷ തീർപ്പാക്കേണ്ടതാണ്.

3) ഫീൽഡ് പരിശോധനക്കായി 2 വില്ലേജുകളിൽ ഒരു വാഹനം എന്ന നിലയ്ക്ക് 6 മാസത്തേയ്ക്ക് വാടകയ്ക്ക് വാഹനസൗകര്യം അനുവദിച്ച് ഉത്തരവാകുന്നു. (വാഹനം :- എണ്ണം - 340, മാസവാടക - 35,000/- രൂപ)

4) അപേക്ഷകളുടെ അതിവേഗ തീർപ്പാക്കൽ ദൗത്യത്തിനായുള്ള ഐ.റ്റി അനുബന്ധ സൗകര്യങ്ങൾക്ക് വേണ്ടുന്ന ഉപകരണങ്ങളായ, കമ്പ്യൂട്ടർ, സ്കാനർ, പ്രിന്റർ എന്നിവയ്ക്ക് ആകെ 5,99,93,000/- രൂപ (അഞ്ച് കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരം രൂപ) അനുവദിച്ച് ഉത്തരവാകുന്നു.

5) മേൽ പ്രകാരമുള്ള ആവശ്യത്തിലേയ്ക്കായി, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27ഡി വകുപ്പ് പ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് പ്രാഥമികമായി 10 കോടി രൂപ അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ .എ .ജയതിലക് ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

ധനകാര്യ വകുപ്പ്

നിയമ വകുപ്പ് (10.02.2022-ലെ Exp-A1/62/2022 കുറിപ്പ് പ്രകാരം)

പൊതുഭരണ (എസ്.സി) വകുപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്